പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ :1018

10.02.2016-ലെ മറുപടിയ്ക്ക്

## മുനമ്പം ബീച്ചിലെ ടോയ്‌ലറ്റ് കോംപ്ലക്സ്

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മുനമ്പം ബീച്ചിൽ സഞ്ചാരികൾക്കായി ആരംഭിച്ച ടോയ്‌ലറ്റ് കോംപ്ലക്സിന്റെ പ്രവർത്തനം അനിശ്ചിതമായി തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (എ) ഉണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പവകാശം നൽകിയിട്ടുള്ള കരാറുകാരന് നോട്ടീസ് അയയ്ക്കുകയും, കരാറുകാരൻ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പുതിയ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി 2016 ഫെബ്രുവരി 5 ആയി നിശ്ചയിച്ചിട്ടുമുണ്ട്. |
| (ബി) | എത്ര നാളുകളായി ഈ അനിശ്ചിതാവസ്ഥ തുടരുന്നെന്നും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ബി) 2015 ഒക്ടോബർ മുതൽ 2016 ജനുവരി വരെയുള്ള കാലയളവിൽ ഭാഗികമായി പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. പുതിയ ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഉടൻ തന്നെ പ്രവർത്തനം പുന:രാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ